## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 783 | 05.02.2020-ൽ മറുപടിക്ക്

### ആദിവാസി ഗോത്ര വിഭാഗങ്ങളുടെ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വനത്തെ മാത്രം ആശ്രയിച്ച ജീവിക്കുന്ന ആദിവാസി ഗോത്ര വിഭാഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവരുടെ പാരമ്പര്യവും തനിമയും നിലനിർത്തുന്നതിനും ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | വനത്തെ മാത്രം ആശ്രയിച്ച ജീവിക്കുന്ന പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗം പേരും പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ടവരാണ്. ടി ആളുകളുടെ പ്രധാന വരുമാന മാർഗ്ഗം വനവിഭവ ശേഖരണത്തിലൂടെയാണ്. വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശം, സാമൂഹ്യ അവകാശം, വികസന അവകാശം എന്നിവയിലൂടെ അവരുടെ സംരക്ഷണം ഉറപ്പുവരുത്തി പാരമ്പര്യവും തനിമയും നിലനിർത്തുന്നതിന് സാധ്യമാകുന്നുണ്ട്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യം വച്ച് അടിയ-പണിയ, പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കു വേണ്ടി തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. സ്കൂളിൽ എത്താത്ത കുട്ടികളെ കോളനികളിൽ പ്രമോട്ടർമാരും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ട് എത്തി സ്കൂളിൽ എത്തിക്കാറുണ്ട്. കൂടാതെ ടിയാളുകളുടെ സാമൂഹിക ഉന്നമനത്തിനായി സ്വയം തൊഴിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആട്, കറവപശു എന്നിവ വിതരണം നടത്തിവരുന്നു. കാർഷികവൃത്തികളിൽ പുരോഗതി കൈവരിക്കുന്നതിന് ധനസഹായവും അനുവദിച്ചുവരുന്നു.<br><br>പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉൾവനങ്ങളിൽ താമസിക്കുന്നവർ പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളും, റോഡ്, വാഹനം തുടങ്ങിയവയുടെ അഭാവം, വന്യമൃഗശല്യം എന്നീ പ്രശ്നങ്ങളും പൊതുവായി നേരിടേണ്ടി വരുന്നു. ആയത് പരിഗണിച്ച് ടി വിഭാഗങ്ങൾക്ക് ഗതാഗത സൗകര്യം, |

| | | | |
|---|---|---|---|
| | | | വന്യമൃഗ ജീവികളിൽ നിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | ഇടുക്കി ജില്ലയിൽ വനാവകാശ നിയമ പ്രകാരം ആദിവാസി വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് എത്ര ഹെക്ടർ ഭൂമി അനുവദിച്ചിട്ടുണ്ട്; | ബി) | ഇടുക്കി ജില്ലയിൽ വനാവകാശ നിയമപ്രകാരം വികസന അവകാശമായി 8.23 ഹെക്ടർ ഭൂമി അനുവദിച്ചിട്ടുണ്ട്. |
| സി) | ആദിവാസി വിഭാഗങ്ങളുടെ കൃഷി ഭൂമിയും കാർഷികവിളകളും സംരക്ഷി ക്കുവാൻ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശ ങ്ങൾ ലഭ്യമാക്കുമോ ? | സി) | പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. ആയതിനു പുറമേ സംസ്ഥാന ത്തുള്ള ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം കൈവശ രേഖ, ഭൂമി വാങ്ങി നൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി ലഭ്യമാക്കി പട്ടികവർഗ്ഗക്കാരുടെ മുഴുവൻ കൈവശ ഭൂമിയിലും കൃഷി പ്രോത്സാഹിപ്പിച്ച് ജീവനോപാധി പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ച് വകുപ്പ് 2019-20-ൽ 'വരുമാന ദായക കാർഷിക ഉദ്യമം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പട്ടിക വർഗ്ഗക്കാരുടെ പരമ്പരാഗത മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് ചുവടെ പരാമർശിക്കും പ്രകാരമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**<u>പട്ടിക വർഗ്ഗക്കാർക്കായുള്ള വരുമാന ദായക കാർഷിക ഉദ്യമം</u>**<br><br>അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രി കൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നുവരുന്നു. പട്ടികവർഗ്ഗക്കാർ കൂടുതൽ തൊഴിലെടുക്കുന്ന ഫാമുകളുടെ നവീകരണം ടി പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു.<br><br>**<u>കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി</u>**<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് മുഖേന ആരംഭിച്ച കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ 5132 അയൽക്കൂട്ടങ്ങൾ വഴി 87800 കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള, ശാക്തീകരണ ജീവനോപാധി പരിപാടികൾ നടപ്പിലാക്കി. ഇതിലൂടെ സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട സഹായം നൽകുക, പുതുതായി ആരംഭിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപ വീതം |

| | | | |
|---|---|---|---|
| | | | കോർപ്പസ് ഫണ്ട്, ജോയിന്റ് ലൈവ്‌ലിഹുഡ് ഗ്രൂപ്പുകൾക്ക് 2000/- രൂപ വീതം കോർപ്പസ് ഫണ്ട് എന്നിവ നൽകുകയും 46 സ്വയം സഹായ സംഘങ്ങളും 26 വ്യക്തിഗത സംരംഭങ്ങളും ആരംഭിക്കുവാനും കഴിഞ്ഞു.<br><br>**<u>കേരള ട്രൈബൽ പ്ലസ് പദ്ധതി</u>**<br><br>എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പ വരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിനു മുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2019-20-ൽ നാളിതുവരെ 100 ദിവസം തൊഴിൽ പൂർത്തീകരിച്ച 3944 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.<br><br>**<u>മില്ലറ്റ് വില്ലേജ് പദ്ധതി</u>**<br><br>അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പ വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**